LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 4, വെള്ളി

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2005 ഫെബ്രുവരി മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 9-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, ഐക്യജനാധിപത്യ മുന്നണി സർക്കാരിന്റെ അഞ്ചാം വർഷമായ 2005-06-ലെ ബഡ്ജറ്റ് സാഭിമാനം ഞാൻ അവതരിപ്പിക്കുകയാണ്.

1. കഴിഞ്ഞുപോയ വർഷം അഖിലേന്ത്യാതലത്തിൽ ചരിത്ര പ്രധാനമായ ചില മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്നു. വിഭാഗീയ പ്രവണതകളിലൂടെ തുടർന്നു പോകാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്ന വർഗ്ഗീയതയുടെ മൂർത്തിമദ്ഭാവമായ ഒരു സർക്കാരിനെ അതർഹിക്കുംവിധം രാഷ്ട്രീയ പ്രബുദ്ധരായ ജനങ്ങൾ ജനാധിപത്യ പ്രക്രിയയിലൂടെ നിഷ്ക്കാസനം ചെയ്യുകയുണ്ടായി. വർഗ്ഗീയ ശക്തികളെയും വിഭാഗീയ ശക്തികളെയും അന്ധാളിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തുകൊണ്ട്, ഏതൊരു ഇന്ത്യാക്കാരന്റെയും ഹൃദയത്തിലും മനസ്സിലും ആഴത്തിൽ വേരോട്ടമുള്ള ഒരു രാഷ്ട്രീയ പാർട്ടി നേതൃത്വം നൽകുന്ന ഒരു ഐക്യ പുരോഗമന സഖ്യത്തെ നാം അധികാരത്തിൽ തിരികെ കൊണ്ടുവന്നു. ഇവിടെ, ദൈവത്തിന്റെ സ്വന്തം നാട്ടിൽ, എല്ലാറ്റിനേയും എല്ലായ്പ്പോഴും എതിർക്കുകയെന്ന പ്രതിപക്ഷത്തിന്റെ കടമ നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, അഖിലേന്ത്യാ തലത്തിൽ വർഗ്ഗീയ ശക്തികളെ പരാജയപ്പെടുത്തുന്നതിൽ പിന്തുണ നൽകിയതിന് ഞാൻ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സുഹൃത്തുക്കളെ അഭിനന്ദിക്കുന്നു.

2. അടുത്ത 30-40 വർഷത്തിനുള്ളിൽ അമേരിക്കയും ചൈനയും കഴിഞ്ഞാൽ ഏറ്റവും വലിയ സാമ്പത്തികശക്തിയായി ഇന്ത്യയെ രൂപാന്തരപ്പെടുത്തുക മാത്രമല്ല, അവശരും ദരിദ്രരുമായ കോടിക്കണക്കിന് ജനങ്ങളേയും ഒപ്പം നിർത്തി വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിലെ ഉന്നത ശ്രേണിയിലുള്ളവർക്കു മാത്രമായി പരിമിതപ്പെടുത്താതെ സാധാരണക്കാരനും അനുഭവവേദ്യമാക്കി മാറ്റുക എന്നതുകൂടിയാണ് ഐക്യ പുരോഗമനസഖ്യ സർക്കാരിന്റെ നയം.

3. ഇവിടെ കേരളത്തിലും വ്യത്യസ്ത രീതിയിലുള്ള ഒരു മാറ്റം സംഭവിക്കുകയുണ്ടായി. കേരളം പോലെ രാഷ്ട്രീയ പ്രബുദ്ധതയുള്ള ഒരു സംസ്ഥാനത്തിലെ സർക്കാർ മാറുന്നതും ഭരണ നേതൃത്വത്തിൽ മാറ്റം വരുന്നതും എല്ലാ കേരളീയരിലും കൗതുകവും ഉത്സാഹവും ഉണർത്തുന്നതാണ്. എന്നാൽ ഈ മാറ്റം, ജനവീക്ഷങ്ങളുടെ പിൻതുണയുള്ള, പക്വതയാർന്ന ആദർശ കുബേരനായ ഒരു നേതാവ്, തുല്യപ്രശസ്തനായ, കേരളത്തെ അതിവേഗം ബഹുദൂരം മുന്നോട്ട് കൊണ്ടുപോകുവാൻ ശ്രമിക്കുന്ന അനുജസ്ഥാനീയനായ ഒരു നേതാവിന് വഴിമാറിക്കൊടുക്കുമ്പോൾ അത് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷയോടെയല്ലാതെ ഉറ്റുനോക്കാതിരിക്കാൻ സാധിക്കില്ല. ഇത് രാഷ്ട്രീയമോ അടിസ്ഥാന തത്വങ്ങളിലുള്ളതോ ആയ മാറ്റമല്ല, പ്രത്യുത, ശൈലിയിലും വ്യക്തിത്വത്തിലുമുള്ള ഒരു മാറ്റം മാത്രമാണ്. കേരളത്തെ മുന്നോട്ട് നയിക്കുവാൻ ശക്തമായ അടിത്തറ പാകുകയും പാളം തെറ്റി ഓടിക്കൊണ്ടിരുന്ന നമ്മുടെ സമ്പദ് വ്യവസ്ഥയെ നേർ വഴിയിലേക്ക് തിരിച്ചുകൊണ്ടുവരികയും ചെയ്ത നമ്മുടെ ശ്രേഷ്ഠനായ കഴിവുറ്റ നേതാവ് ശ്രീ. എ. കെ. ആന്റണി നയിച്ച മുൻ സർക്കാരിന്റെ, എല്ലാ അർത്ഥത്തിലുമുള്ള തുടർച്ചയാണ്, ഞാൻ ഉൾപ്പെട്ട ഈ ഗവൺമെന്റ്. സാമ്പത്തിക വളർച്ചയും പരിഷ്ക്കരണങ്ങളും, സാമൂഹ്യനീതിയും ഈ ശക്തമായ അടിത്തറയിൽ നിന്നും നമുക്ക് പടുത്തുയർത്താം. നാം പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന അതിവേഗതയുള്ള കേരളം ബഹുദൂരം പിന്നിടുമ്പോൾ ഏതൊരു പൗരനും തിരിഞ്ഞുനോക്കിയാൽ സംതൃപ്തിയോടെ കാണുക, നേട്ടങ്ങളിൽ അഭിമാനംകൊള്ളുന്ന സംതൃപ്തരായ ഒരു ജനതയെ ആയിരിക്കും. നിങ്ങളെ നിരാശപ്പെടുത്തില്ല എന്ന് എന്റെ സഹപ്രവർത്തകരുടെ പേരിലും നമ്മുടെ മുഖ്യമന്ത്രിയുടെ പേരിലും ഞാൻ ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വാഗ്ദാനം നൽകുന്നു.

സുനാമി ദുരന്തവും ദുരിതാശ്വാസവും

4. രാഷ്ട്രീയത്തിലെ മാറ്റങ്ങൾ കേരള ജനതയ്ക്ക് സുപരിചിതമാണ്. പക്ഷെ കേരളത്തിന്റെ പലഭാഗങ്ങൾ ഇന്നും തികച്ചും അപ്രതീക്ഷിതമായി അറബിക്കടൽ നൽകിയ സുനാമി എന്ന വിപത്തിൽപ്പെട്ട് ഉഴലുകയാണ്. കാതിൽ മൂളിപ്പാട്ടും മനസ്സിൽ താരാട്ടും വല നിറയെ മീനും നമുക്ക് നൽകിക്കൊണ്ടിരുന്ന അറബിക്കടൽ, നമ്മുടെ കടൽ, ഒരു നിമിഷ നേരത്തേയ്ക്ക് തന്റെ ഒരു രൗദ്രഭാവം പുറത്തെടുത്തു. സ്വന്തം മക്കളെ കൊള്ളാനും തള്ളാനും ഉള്ള അവകാശം നമ്മെ ഓർമ്മിപ്പിച്ച് ആ നിമിഷങ്ങൾ കടന്നുപോയി; കടൽ വീണ്ടും തന്റെ കവിതകൾ മൂളിക്കൊണ്ടിരിക്കുന്നു. പക്ഷെ കടലമ്മയുടെ മക്കൾ ആ ദുരന്തത്തിന്റെ ഞെട്ടലിൽനിന്നും ഇപ്പോഴും മുഴുവനായി കരകയറിയിട്ടില്ല.

5. സുനാമി ദുരന്തം വിതച്ച മറ്റൊരു സ്ഥലത്തും കണ്ടിട്ടില്ലാത്ത ക്രമീകരണങ്ങളാണ് നാം കേരളത്തിൽ കണ്ടത്. ആദ്യത്തെ ഊഴം ജനങ്ങളുടേതായിരുന്നു. കണ്ണുചിമ്മുന്ന വേഗതയിൽ സഹായ ഹസ്തവുമായി കടലമ്മയുടെ മക്കൾതന്നെ ഓടി നടന്നു. അനേക ജീവിതങ്ങൾ നഷ്ടപ്പെട്ടെങ്കിലും മറ്റനേകം ജീവിതങ്ങൾ വീണ്ടും രക്ഷിക്കപ്പെടുകയായിരുന്നു. സുനാമി ദുരന്തത്തിനു വിധേയരായ നമ്മുടെ സഹോദരങ്ങളെ സഹായിച്ച ജനങ്ങൾക്കും അവരുടെ നേതാക്കൾക്കും സ്വദേശത്തും വിദേശത്തുമുള്ള നമ്മുടെതന്നെ വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനകൾക്കും ഞാൻ ഈ ഗവൺമെന്റിന്റെ പേരിൽ നന്ദി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly